# പതിനാലാം കേരള നിയമസഭ
## ഒന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നം. 1474

13.07.2016 ൽ മറുപടിയ്ക്ക്

**മൊപ്രാൽ യുനാനി ആശുപത്രിയുടെ സമഗ്ര വികസനത്തിനായി പദ്ധതി**

| ചോദ്യം<br>ശ്രീ. പി.ബി.അബ്ദുൾ റസ്സാക്ക് | | ഉത്തരം<br>ശ്രീമതി കെ.കെ. ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി) | |
|---|---|---|---|
| (എ) | കേരളത്തിലെ സർക്കാർ മേഖലയിൽ പ്രവർത്തിക്കുന്ന ഏക യൂനാനി ആശുപത്രിയായ കാസർഗോഡ് മൊപ്രാൽ യൂനാനി ആശുപത്രിക്ക് ഔഷധി മുഖേന പ്രതിവർഷം എത്ര രൂപയുടെ മരുന്നാണ് നൽകുന്നതെന്ന് വ്യക്തമാക്കാമോ; | (എ) | മൊഗ്രാൽ യൂനാനി ഡിസ്പെൻസറിയിലേക്ക് 2210-02-103-99-24 M & S ശീർഷകത്തിൽ മരുന്ന് വാങ്ങുന്നതിന് ലഭിക്കുന്ന തുകകൊണ്ട് ഔഷധി മുഖേനയാണ് മരുന്ന് വിതരണം ചെയ്തുവരുന്നത്.<br>2013-14- വർഷം-45000 രൂപ<br>2014-15- വർഷം-50000 രൂപ<br>2015-16- വർഷം-55000 രൂപ<br>2016-17- വർഷം-55000 രൂപ<br>ഔഷധിക്ക് യുനാനി മരുന്നിന്റെ ഉൽപാദനം ഇല്ലാത്തതിനാൽ ഔഷധി മുഖേന മറ്റ് സ്ഥാപനങ്ങളിൽനിന്നും വാങ്ങിയാണ് വിതരണം ചെയ്യുന്നത്.<br>മേൽ അനുവദിച്ച തുക കൂടാതെ കുമ്പള ഗ്രാമ പഞ്ചായത്തിന്റെ പദ്ധതിയിൽ താഴെ പറയും പ്രകാരം തുക അനുവദിച്ചിട്ടുണ്ട്.<br>2013-14 - 5 ലക്ഷം<br>2014-15 - 5 ലക്ഷം<br>2015-16 - 6 ലക്ഷം<br>2016-17 - 8 ലക്ഷം |
| (ബി) | പ്രസ്തുത തുക രോഗികൾക്ക് ആവശ്യത്തിന് മരുന്ന് നൽകുന്നതിന് തികയാത്ത സാഹചര്യത്തിൽ തുക വർദ്ധിപ്പിക്കുന്ന കാര്യം പരിഗണിക്കുമോ; | (ബി) | തുക വർദ്ധിപ്പിക്കുന്ന കാര്യം പരിശോധിച്ചുവരുന്നു. |

| | | | |
|---|---|---|---|
| (സി) | ഈ ആശുപത്രിയിൽ എത്ര ജീവനക്കാരാണുള്ളത്; ഏതെങ്കിലും തസ്തിക ഒഴിഞ്ഞു കിടക്കുന്നുണ്ടോ; എങ്കിൽ ഉടനെ നികത്തുന്നതിന് നടപടി സ്വീകരിക്കുമോ ; | (സി) | 3 ജീവനക്കാർ. യോഗ്യരായവരുടെ അഭാവത്തിൽ ഒഴിഞ്ഞു കിടക്കുന്ന യൂനാനി ഫാർമസിസ്റ്റ് തസ്തികയിൽ നിയമനം നടത്തുന്നതിന് നടപടി സ്വീകരിച്ചുവരുന്നു. |
| (ഡി) | ഈ ആശുപത്രി കിടത്തി ചികിത്സയ്ക്ക് സൗകര്യമുള്ള ആശുപത്രിയായി ഉയർത്തുന്ന കാര്യം സർക്കാർ പരിഗണിക്കുമോ; | (ഡി) | പരിശോധിച്ചുവരുന്നു. |
| (ഇ) | യൂനാനി ആശുപത്രിയുടെ സമഗ്ര വികസനത്തിനായി എൻ.ആർ.എച്ച്.എം.മുഖേന പദ്ധതി നടപ്പിലാക്കുന്നതിന് സർക്കാർ നടപടി സ്വീകരിക്കുമോ? | (ഇ) | എൻ.ആർ.എച്ച്.എം. മുഖേന നിലവിൽ 15 യൂനാനി ഡിസ്പെൻസറികൾ പ്രവർത്തിക്കുന്നു. |

സെക്ഷൻ ഓഫീസർ